2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കെട്ടിട നമ്പർ നൽകുന്നത് സംബന്ധിച്ച തടസ്സവാദങ്ങൾ

5 (*185) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പണിപൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് നമ്പർ കിട്ടുന്നതിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് സംഘടിപ്പിച്ച അദാലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര അപേക്ഷകളിൽ തീരുമാനമായി എന്ന് വെളിപ്പെടുത്തുമോ ;

(സി) കെട്ടിടനമ്പർ നൽകുന്നതു സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങൾ എന്തെല്ലാം തടസ്സവാദങ്ങളാണ് പ്രധാനമായും ഉന്നയിച്ചിരുന്നത് ; വ്യക്തമാക്കുമോ ;

(ഡി) വയൽ എന്ന് പ്രമാണത്തിൽ രേഖപ്പെടുത്തിയ ഭൂമിയിൽ വീട് വച്ചിട്ടുള്ളവർക്ക് പ്രത്യേക ഇളവ് നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിന് സംഘടിപ്പിച്ച അദാലത്തിൽ 4030 അപേക്ഷകൾ ലഭിക്കുകയും അവയിൽ 2253 എണ്ണത്തിന് തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(സി) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 220 (ബി) വകുപ്പിന്റെ ലംഘനം, മേഖലാ നിയന്ത്രണങ്ങളുടെ ലംഘനം, തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകളുടെ ലംഘനം, 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം, പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണം, 'നിലം' നികത്തു ഭൂമിയിൽ അനുവാദമില്ലാതെയുള്ള നിർമ്മാണം, പട്ടയം/ഭൂഉടമസ്ഥത സംബന്ധിച്ചുള്ള വിഷയങ്ങൾ, നീതിന്യായ സ്ഥാപനങ്ങളിൽ നടന്നുവരുന്ന വ്യവഹാരങ്ങൾ, ആവശ്യമായ രേഖകൾ അപേക്ഷകൻ ഹാജരാക്കാത്ത സാഹചര്യങ്ങൾ, പുറമ്പോക്ക് കയ്യേറി നിർമ്മാണം, അതിർത്തി തർക്കം, എന്നീ ലംഘനങ്ങളോടു കൂടിയ കെട്ടിടങ്ങൾക്കാണ് കെട്ടിട നമ്പർ അനുവദിക്കുന്നതിന് തടസ്സങ്ങൾ ഉന്നയിക്കപ്പെടുന്നത്.

LIBRARY, ARCHIVES Kerala Legislative Assembly

(ഡി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാക്കുന്നതിന് മുമ്പ് റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയ കരഭൂമികളിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പരാതികൾ ലഭിച്ചതിനെത്തുടർന്ന് ചില നിബന്ധനകൾക്ക് വിധേയമായി 300 മീറ്റർ സ്ക്വയർ വരെ വലിപ്പമുള്ള വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകാമെന്ന് നിർദ്ദേശിച്ചുകൊണ്ട് 31-7-2008-ലും 23-9-2008-ലും സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം ബാധകമായതിനെ തുടർന്ന് വില്ലേജ് ഓഫീസറും, കൃഷി ഓഫീസറും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും ഉൾപ്പെട്ട കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിലേക്കുള്ള കമ്മിറ്റി ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടുന്നില്ലായെന്ന പരാതി ലഭിച്ചതിനെത്തുടർന്ന് നിലവിലുള്ള സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി ചേർത്ത് 22-1-2011-ൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതിന് സർക്കാർ ഒരു സർക്കുലറും കൂടി പുറപ്പെടുവിച്ചിട്ടുണ്ട്.

1. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, നിലവിലുള്ള നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയ്ക്കുമാത്രം ബാധകമായതിനാൽ പുതിയതായി നികത്തുന്നതിനു മാത്രമേ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുകയുള്ളൂ. അതുകൊണ്ട് പ്രസ്തുത നിയമം നിലവിൽ വരുന്നതിന് കുറഞ്ഞത് 10 വർഷം മുമ്പ് നികത്തപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണ്.

2. 31-7-2008-ലെ 45846/ആർ.എ.1/08/ത.സ്വ.ഭ.വ., 23-9-2008-ലെ 59655/ആർ.എ.1/08/ത.സ്വ.ഭ.വ. എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വീട് നിർമ്മിച്ചിട്ടുള്ള പക്ഷം അവ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണെങ്കിൽ അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതാണ്.

3. റവന്യൂ/കൃഷി എന്നീ വകുപ്പുകളുടെ പ്രതിനിധികൾ കമ്മിറ്റിയിൽ നിർബന്ധമായി പങ്കെടുക്കേണ്ടതാണ്. കമ്മിറ്റി എല്ലാ മാസവും കൂടുന്നതിന് പഞ്ചായത്ത്/നഗരസഭാ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

വനിതാ മത്സ്യത്തൊഴിലാളികൾക്കായി പലിശരഹിത വായ്പാ പദ്ധതി

6 (*186) ശ്രീ. എ. എം. യൂസഫ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ മത്സ്യത്തൊഴിലാളികൾക്കായി ഈ സർക്കാർ ആരംഭിച്ച പലിശരഹിത വായ്പാ പദ്ധതിയുടെ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly